

വായിച്ചുകൊടുക്കാൻ

കുറുക്കനെ വേണ്ടാ...

• ഗീത പി.എ കല്ലട

വണ്ടു പണ്ടൊരു കാട്ടിൽ സൂത്രശാലിയായ ഒരു കുറുക്കച്ചനുണ്ടായിരുന്നു. ഒരു ദിവസം കാട്ടിലൂടെ നടന്ന അവൻ ഒരു പുഴയിൽ കുറെ ഞണ്ടുകൾ നീന്തിത്തുടിക്കുന്നത് കണ്ടു. നല്ല വിശപ്പുണ്ടായിരുന്ന അവൻ ഞണ്ടിനെ പിടിക്കാനായി പുഴയിലേക്കിറങ്ങി.


പെട്ടെന്നാണ് വെള്ളത്തിൽ മുങ്ങിക്കിടന്നിരുന്ന ഒരു മുതലച്ചാർ കുറുക്കച്ചന്റെ കാലിൽ കയറിപ്പിടിച്ചത്. വല്ലാതെ പേടിച്ചു പോയെങ്കിലും പെട്ടെന്നു തന്നെ കുറുക്കച്ചനൊരു സൂത്രം തോന്നി.

"ഹ.. ഹഹ..! മുതലച്ചാരേ, മണ്ടച്ചാരേ.. എന്റെ കാലാണെന്നു കരുതി താൻ കയറിപ്പിടിച്ചത് ഒരു വേരിലാണ്. എന്റെ കാല് ദേ ഇതാണ്.'' ഇങ്ങനെ പറഞ്ഞിട്ട് കുറുക്കച്ചൻ കരയിൽ കിടന്ന ഒരു കമ്പെടുത്ത് മുതലച്ചാർക്ക് ഒരു കുത്തു കൊടുത്തു.

സംഗതി ശരിയാണെന്നു കരുതി മുതലച്ചാർ പിടിവിട്ടതും കുറുക്കച്ചൻ കരയിലേക്ക് ചാടിക്കയറി ഓടിപ്പോയി.

കുറച്ചു ദിവസം കഴിഞ്ഞപ്പോൾ കുറുക്കച്ചൻ വീണ്ടും അവിടെയെത്തി. വെള്ളത്തിനടിയിൽ മുതലച്ചാര് പതുങ്ങിക്കിടപ്പുണ്ടോ എന്ന് അറിയുവാനായി കുറുക്കച്ചൻ ഒരു സൂത്രമിറക്കി: "ഇവിടെ മുതലയുണ്ടെന്നാ തോന്നുന്നത്. മുതല ഇല്ലായിരുന്നെങ്കിൽ രണ്ടു ഞണ്ടുകൾ കരയിലേക്ക് ചാടുമായിരുന്നു.''

കുറുക്കച്ചനെ പിടിക്കുവാൻ വെള്ളത്തിൽ പതുങ്ങി കിട



ക്കുകയായിരുന്ന മുതലച്ചാർ അതു കേട്ടു. ഉടനെ ആ മണ്ടച്ചാർ രണ്ടു ഞണ്ടുകളെ പിടിച്ച് കരയിലേക്കിട്ടു.

"ഹയ്യട..! ഈ പുഴയിൽ മുതലയില്ല," ഇങ്ങനെ പറഞ്ഞിട്ട് ഞണ്ടുകളെയും എടുത്തുകൊണ്ട് കുറുക്കച്ചൻ സ്ഥലം വിട്ടു.

കുറച്ചു ദിവസം കഴിഞ്ഞപ്പോൾ കുറുക്കച്ചൻ വീണ്ടും അവിടെയെത്തി. ഇത്തവണ അവൻ ഒരു മുൾച്ചെടിയുടെ മുള്ളുകൾ നിറഞ്ഞ ഒരു കമ്പ് കൈയിൽ കരുതിയിരുന്നു.

കണ്ടാലുടനെ കുറുക്കച്ചനെ പിടികൂടണം എന്ന പ്രതിജ്ഞ എടുത്തുകൊണ്ട് വെള്ളത്തിൽ മുങ്ങിക്കിടക്കുകയായിരുന്നു മുതലച്ചാർ.

"ഹയ്യട..! ആ മുതലച്ചാർ സ്ഥലം വിട്ടെന്നാ തോന്നുന്നത്. വേഗം ഇറങ്ങി ഞണ്ടിനെ പിടിക്കാം." ഇങ്ങനെ പറഞ്ഞുകൊണ്ട് കുറുക്കച്ചൻ മുള്ളുകൾ നിറഞ്ഞ ആ കമ്പ് വെള്ളത്തിലേക്കിട്ടു.

കുറുക്കച്ചനാണെന്നു കരുതി മുതലച്ചാർ ആ കമ്പിൽ ഒറ്റക്കടി.

"ഹയ്യയ്യോ..!" മുതലച്ചാരുടെ വായിലാകെ മുള്ളു തറച്ചു കയറി. അതോടെ കുറുക്കച്ചൻ ആള് പെശകാണെന്ന് മനസ്സിലാക്കിയ മുതലച്ചാർ പിന്നെ അവിടെ നിന്നില്ല. "ങീ.. ങീ..!" എന്ന് കരഞ്ഞു കൊണ്ട് അവർ മറുകരയിലേക്ക് പോയി. പിന്നീടൊരിക്കലും മുതലച്ചാർ കുറുക്കച്ചനെ പിടിക്കാൻ ശ്രമിച്ചിട്ടില്ല. കുറുക്കച്ചനോ, ഞണ്ടുകളെയും പിടിച്ച് അവിടെ സുഖമായി കഴിഞ്ഞു.

•